# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1681 17/06/2013 ൽ മറുപടിക്ക്

## ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്

ചോദ്യം:

ശ്രീമതി. കെ.കെ.ലതിക

(എ) സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലെയും ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ബി) ജീവനക്കാരന്റെ സി.ആറിൽ 'ഡി' രേഖപ്പെടുത്തുന്നതിന് മുമ്പ് പ്രസ്തുത ജീവനക്കാരനെ സി.ആർ. കാണിച്ച് ബോധ്യപ്പെടുത്തി ഒപ്പ് വെയ്പ്പിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(സി)അച്ചടക്ക നടപടികളൊന്നും നേരിട്ടിട്ടില്ലാത്ത ജീവനക്കാരുടെ സി.ആറിൽ ചട്ടവിരുദ്ധമായി 'ഡി' രേഖപ്പെടുത്തുകയും അവരുടെ പ്രൊമോഷൻ തടയുകയും ചെയ്യുന്ന മേലധികാരികളുടെ പേരിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം:

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) സർക്കാർ ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനാണ് സി.ആർ. സമ്പ്രദായം നടപ്പിലാക്കിയിരിക്കുന്നത്. ഓരോ വകുപ്പിനു കീഴിലുമുള്ള ജീവനക്കാർ സി.ആർ. അവരുടെ റിപ്പോർട്ടിങ് ഓഫീസർമാർക്ക് പ്രത്യേക ഫോറത്തിൽ പൂരിപ്പിച്ച് നൽകേണ്ടതും റിപ്പോർട്ടിങ് ഓഫീസർ തയ്യാറാക്കി നൽകുന്ന റിപ്പോർട്ട് റിവ്യൂവിങ് ഓഫീസർ റിവ്യൂ ചെയ്യേണ്ടതുമാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നത്. ജീവനക്കാരന്റെ ബുദ്ധി വൈഭവം, അച്ചടക്കം, കൃത്യനിഷ്ഠ, ഉത്തരവാദിത്വബോധം, പ്രവർത്തന തൽപ്പരത, ജോലിയിലുള്ള അറിവും സാങ്കേതിക വൈദഗ്ദ്ധ്യവും, നോട്ടെഴുത്ത്, ആശയ വിനിമയം നടത്തിപ്പ് എന്നിവയിലുള്ള മികവ് എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സി.ആർ. തയ്യാറാക്കുന്നത്.

(ബി) ഇപ്രകാരം തയ്യാറാക്കപ്പെടുന്ന സി.ആർ. ബന്ധപ്പെട്ട ജീവനക്കാരനെ കാണിച്ച് ഒപ്പു വെയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്.

(സി) അച്ചടക്ക നടപടികളൊന്നും നേരിട്ടിട്ടില്ലാത്ത ജീവനക്കാരുടെ സി.ആറിൽ ചട്ടവിരുദ്ധമായി 'ഡി' രേഖപ്പെടുത്തുകയും അവരുടെ പ്രൊമോഷൻ തടയുകയും ചെയ്യുന്ന മേലധികാരികളുടെ പേരിൽ നടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ 'ഡി' രേഖപ്പെടുത്തുകയാണെങ്കിൽ പ്രസ്തുത ഗ്രേഡ് അപ്ഗ്രേഡ് ചെയ്തു ലഭിക്കുന്നതിന് റിവ്യൂവിംഗ് ആഫീസർക്കു മേലുള്ള മേലധികാരിക്ക് നിവേദനം നല്കുവാനുള്ള അവസരമുണ്ട്.

സെക്ഷൻ ഓഫീസർ